## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

| | | | |
|---|---|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1631** | | **05.02.2019-ൽ മറുപടിയ്ക്ക്** | |
| **മാലിന്യ സംസ്കരണ മാർഗ്ഗങ്ങൾ** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീമതി.വീണാ ജോർജ്ജ്** | | **എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** | |
| (എ) | പദ്ധതി വിഹിതത്തിൽ എത്ര ശതമാനമാണ് മാലിന്യ സംസ്കരണത്തിനായി ഈ സർക്കാർ കാലയളവിൽ അനുവദിച്ചിട്ടുള്ളത്; | (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി വിഹിതത്തിന്റെ 10 ശതമാനം തുക മാലിന്യസംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി വകയിരുത്തുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | എത്ര പഞ്ചായത്തുകൾ ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ/ മാർഗ്ഗങ്ങൾ അവലംബിക്കുന്നുവെന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | മൂന്നാർ, ദേവികുളം ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ ടി ഗ്രാമപഞ്ചായത്തുകളും കണ്ണൻദേവൻ ഹിൽസ് പ്ലാന്റേഷൻസ് കമ്പനി പ്രൈവറ്റ് ലിമിറ്റഡും എ.ജി.ഡോട്ടേഴ്സ് വേസ്റ്റ് പ്രോസസിങ് പ്രൈവറ്റ് ലിമിറ്റഡുമായി കരാറിൽ ഏർപ്പെട്ട് കേന്ദ്രീകൃത വേസ്റ്റ്-റ്റു- എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ ക്ലസ്റ്റർ അടിസ്ഥാനത്തിൽ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ കോർപറേഷൻ / നഗരസഭകളേയും സമീപത്തുള്ള ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ആധുനിക സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന കേന്ദ്രീകൃത വേസ്റ്റ്-റ്റു- എനർജി പ്ലാന്റുകൾ Design, Build, Finance, Operate & Transfer (DBFOT) വ്യവസ്ഥയിൽ സ്ഥാപിക്കുന്നതിന് സർക്കാർ നയപരമായ തീരുമാനമെടുത്ത് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കൂടാതെ ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ നോഡൽ ഏജൻസിയായ ശുചിത്വ മിഷന്റെ സഹകരണത്തോടെയും ഹരിതകേരളം മിഷന്റെ ഭാഗമായും എല്ലാ ഗ്രാമപഞ്ചായത്തുകളും താഴെപ്പറയുന്ന ശാസ്ത്രീയ മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.<br><br>• ഉറവിടമാലിന്യസംസ്കരണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി |

| | | | |
|---|---|---|---|
| | | | ബയോഗ്യാസ് പ്ലാന്റുകൾ, കിച്ചൻബിന്നുകൾ, വിവിധതരം കമ്പോസ്റ്റ് രീതികൾ എന്നിവ സ്ഥാപിക്കൽ.<br>• പ്ലാസ്റ്റിക് മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനായി പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റുകൾ, പ്ലാസ്റ്റിക്ക് റീസൈക്ലിംഗ് യൂണിറ്റുകൾ എന്നിവ സ്ഥാപിക്കൽ<br>• ഇ-മാലിന്യം ഉൾപ്പടെയുള്ള അജൈവ മാലിന്യം ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള നടപടികൾ.<br>2018-19 സാമ്പത്തിക വർഷത്തിൽ 112 ഗ്രാമപഞ്ചായത്തുകൾ മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിലേയ്ക്കായി സമർപ്പിച്ച് പ്രോജക്ടിൽ 58 ഗ്രാമപഞ്ചായത്തുകൾക്ക് ശുചിത്വമിഷൻ സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ